"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീമതി ബീനകുമാരി.എസ്.ആർ-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് കോക്ളിയർ ഇംപ്ലാന്റ് അപ്ഗ്രേഡ് ചെയ്യുന്നതിനായി പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.893/2025/LSGD തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:-

1. സർക്കുലർ നം. 40658/G2/85/H&FWD തീയതി 18/10/1985.
2. 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകവ
3. 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകവ
4. 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകവ
5. 25.04.2013 ലെ സ.ഉ (പി) നമ്പർ 148/2013/ആകവ
6. 25.02.2022 ലെ സ.ഉ (കൈ) നമ്പർ 46/2022/ആകവ
7. 14.05.2024-ലെ ശ്രീമതി. ബീനകുമാരി എസ്.ആർ ന്റെ അപേക്ഷ.
   പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024-ലെ LSGD/PD/ 24358/2024-DEG1-
8. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീമതി. ബീനകുമാരി എസ്.ആർ-ന് കോക്ളിയർ ഇംപ്ലാന്റ് അപ്ഗ്രേഡ് ചെയ്യുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്കായി 5,97,000/-രൂപ അനുവദിക്കുന്നതിനായുള്ള പരാമർശം(7) അപേക്ഷ പരാമർശം(8) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലർക്ക് ശ്രീമതി. ബീനകുമാരി എസ്.ആർ-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് കോക്ളിയർ ഇംപ്ളാന്റ് അപ്ഗ്രേഡ് ചെയ്യുന്നതിനായി 5,97,000/-രൂപ (അഞ്ചു ലക്ഷത്തി അമ്പത്തിനായിരം രൂപ മാത്രം) പരാമർശം ഒന്നു മുതൽ ആറ് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പലിശരഹിത ചികിത്സാ വായ്പയായി അനുവദിക്കുന്ന 5,97,000/-രൂപ (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) ശ്രീമതി. ബീനകുമാരി എസ്.ആർ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.

2. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.
3. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .
4. ശ്രീമതി. ബീനകുമാരി എസ്.ആർ-ന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
5. പലിശരഹിത വായ്പ തുക, പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.
6. പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.
7. അനുവദിക്കുന്ന 5,97,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.
8. പ്രസ്തുത തുക പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ബീനകുമാരി എസ്.ആർ, ക്ലാർക്ക്, പട്ടാഴി ഗ്രാമപഞ്ചായത്, കൊല്ലം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
സെക്രട്ടറി, പട്ടാഴി ഗ്രാമ പഞ്ചായത്ത്,കൊല്ലം ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. ഇ.പി.എ3/448/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 03-04-2025 14:18:40